# സൗഭാഗ്യജീവിതം ലഭിക്കാനുള്ള വഴികൾ

شركاء التنفيذ:

دار الإسلام جمعية الربوة رواد الترجمة المحتوى الإسلامي

يتاح طباعة هذا الإصدار ونشره بأي وسيلة مع

الالتزام بالإشارة إلى المصدر وعدم التغيير في النص.

Telephone: +966114454900

ceo@rabwah.sa

P.O.BOX: 29465

RIYADH: 11557

www.islamhouse.com

ഗ്രന്ഥകർത്താവ് ശൈഖ് അബ്ദുർ റഹ്മാൻ ബ്നു നാസിർ അസ്സഅ്ദി

# ആമുഖം

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന്. അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ് നബിയിലും കുടുംബത്തിലും അനുചരൻമാരിലും അന്ത്യനാൾ വരെ അവിടുത്തെ പിൻപറ്റിയവരിലും അളവറ്റ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ

'സൗഭാഗ്യജീവിതം ലഭിക്കാനുള്ള വഴികൾ' എന്നാണ് ഈ കൃതിയുടെ പേര്. ഓരോ മനുഷ്യന്റെയും പരമപ്രധാനമായ ലക്ഷ്യം സൗഭാഗ്യമാണ്. എന്താണ് യഥാർത്ഥ സൗഭാഗ്യം എന്ന് വ്യക്തമാക്കുകയും വിവരിക്കുകയും ചെയ്യുകയാണ് ഈ കൃതിയിലൂടെ. എന്താണ് സൗഭാഗ്യമെന്നും എങ്ങനെയാണ് അത് യാഥാർഥ്യമാക്കുകയെന്നുമുള്ള വിഷയത്തിൽ ധാരാളം അഭിപ്രായങ്ങളും വീക്ഷണവ്യത്യാസങ്ങളുമുണ്ട്. സമ്പത്ത്

നേടിയെടുക്കലും അത് പരിപോഷിപ്പിക്കലുമാണ് സൗഭാഗ്യം എന്ന് കരുതുന്നവരുണ്ട്. മറ്റു ചിലർ ആരോഗ്യവും നിർഭയത്വവും വാസയോഗ്യമായ നാടുകളുമാണ് സൗഭാഗ്യം എന്ന് അഭിപ്രായപ്പെടുന്നു. ഹലാലായ സമ്പാദ്യവും ഉപകാരപ്രദമായ വിജ്ഞാനവുമാണ് സൗഭാഗ്യം എന്ന് മറ്റു ചിലർ പറയുന്നു. ഈമാനും സൽപ്രവർത്തനങ്ങളും അതിൽ ഉറച്ചുനിൽക്കലുമാണ് സൗഭാഗ്യം എന്ന് മനസിലാക്കുന്നവരുമുണ്ട്. മതത്തിന്റെ അടിസ്ഥാന തത്വങ്ങളോട് യോജിക്കുമെങ്കിൽ ഇതെല്ലാം ഒരുപോലെ സൗഭാഗ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിന് തടസമൊന്നുമില്ല. എന്നാൽ സൗഭാഗ്യം രണ്ട് ഇനമുണ്ട്:

1- ഇഹലോകത്തെ നശ്വരമായ സൗഭാഗ്യം. അവസ്ഥാന്തരങ്ങൾ മാറിമാറിവരുന്ന ഹ്രസ്വമായ ആയുസ്സിൽ പരിമിതമായ സൗഭാഗ്യമാകുന്നു ഇത്.

2- ശാശ്വതമായ പരലോക സൗഭാഗ്യം. ഒരിക്കലും മുറിഞ്ഞുപോകാത്ത പരിധിയില്ലാത്ത സൗഭാഗ്യമാകുന്നു അത്.

ഇതുരണ്ടും പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. ഒന്നുണ്ടെങ്കിലേ മറ്റേത് ഉണ്ടാവുകയുള്ളൂ എന്ന നിലയിലാണ് ഇവരണ്ടും തമ്മിലുള്ള ബന്ധം. പരലോകസൗഭാഗ്യത്തിന്റെ കൂടെയാണ് ഇഹലോകസൗഭാഗ്യം നിലകൊള്ളുന്നത്. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കുന്ന അവന്റെ തൃപ്തി മുഖേന മാത്രമാണ് ഇരുലോകത്തും വിശിഷ്ടവും പരിപൂർണവുമായ സൗഭാഗ്യജീവിതം ലഭിക്കുക. അല്ലാഹു പറയുന്നത് നോക്കൂ:

﴿مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ٩٧﴾ [النحل: 97]

"ഏതൊരു സ്ത്രീയോ പുരുഷനോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം

നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൽ ഏററവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും." (അന്നഹ്ൽ: 97)

പ്രിയ സഹോദരാ! എല്ലാ സൗഭാഗ്യവും എന്തിലാണെന്നാണ് താങ്കൾ കരുതുന്നത്? എങ്ങനെയാണ് അത് സാക്ഷാത്കരിക്കുക? സകല ദൗർഭാഗ്യവും എവിടെയാണ് കുടികൊള്ളുന്നത്? എങ്ങനെയാണ് അത് നാം അകറ്റിനിർത്തേണ്ടത്?

സർവ്വശക്തനായ അല്ലാഹുവിനെ അനുസരിക്കുക! അവന്റെ ശ്രേഷ്ഠനായ റസൂൽ മുഹമ്മദ് നബി(ﷺ)യെ അനുസരിക്കുക! അതിലാണ് സകല സൗഭാഗ്യവും നിലകൊള്ളുന്നത്.

അല്ലാഹുവോടും അവന്റെ ദൂതനോടും അനുസരണക്കേട് കാണിക്കുന്നേടത്താണ് എല്ലാ ദൗർഭാഗ്യവും കുടികൊള്ളുന്നത്.

"അല്ലാഹുവെയും അവന്റെ ദൂതനെയും ആര് അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു." (അൽ അഹ്സാബ്: 71)

അല്ലാഹു പറയുന്നു:

"വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു." (അൽ അഹ്സാബ്: 36)

ശൈഖ് അബ്ദുൽ റഹ്മാൻ ബ്നു നാസിർ അസ്സഅ്ദി (رحمه الله) രചിച്ച 'സൗഭാഗ്യജീവിതം ലഭിക്കാനുള്ള വഴികൾ' എന്ന ഈ കൃതിയിൽ എട്ട് അധ്യായങ്ങൾ അടങ്ങിയിരിക്കുന്നു, യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ രചയിതാവ് അതിൽ വിശദീകരിക്കുകയും അത് നേടുന്നതിനുള്ള വഴികളും മാർഗങ്ങളും കാരണങ്ങളും ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഉരുത്തിരിഞ്ഞ നിയമപരമായ തെളിവുകളെ ആശ്രയിച്ച് വിശദീകരിക്കുകയും ചെയ്യുന്നു.

അതിലൂടെ ഓരോ മുസ്ലിമും ആഗ്രഹിക്കുന്ന സൗഭാഗ്യജീവിതത്തിലേക്കുള്ള വഴിവരച്ചുവെക്കുകയാണ് ഗ്രന്ഥകാരൻ. പ്രകാശപൂരിതവും ഉൾകാഴ്ചനിറഞ്ഞതുമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ ഇസ്ലാമിക സമൂഹത്തെ ഈ പുസ്തകത്തിലൂടെ അദ്ദേഹം വഴികാട്ടുന്നു.

ഈ മാർഗങ്ങളെക്കുറിച്ച് യഥാർത്ഥ അവബോധം പ്രചരിപ്പിക്കുന്നതിനും ആളുകളെ ബോധവത്കരിക്കുന്നതിനും മതകാര്യമന്ത്രാലയത്തിന്റെ സംഭാവന എന്ന നിലയിൽ ഈ പുസ്തകം അതിന്റെ പ്രയോജനപ്രദമായ പ്രസിദ്ധീകരണങ്ങളിലൊന്നായി തെരുഞ്ഞെടുത്തിരിക്കുന്നു. കല്ലുകടികൾ നിറഞ്ഞ ഈ ജീവിതത്തിൽ തീർച്ചയായും ഒരു വഴികാട്ടി തന്നെയായിരിക്കും ഈ പുസ്തകം.

ഗ്രന്ഥകർത്താവിനും ഇത് പ്രചരിപ്പിക്കുവാനും പ്രസിദ്ധീകരിക്കുവാനും പ്രയത്നിച്ചവർക്കും അതിന് സഹായിച്ചവർക്കുമെല്ലാം വലിയ

പ്രതിഫലം നൽകണമെന്ന് നാം സർവ്വശക്തനായ അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രവാചകനായ മുഹമ്മദ് നബിയിലും അവിടുത്തെ മുഴുവൻ കുടുംബങ്ങളിലും അനുചരൻമാരിലും അല്ലാഹുവിൻറെ രക്ഷയും സമാധാനവും വർഷിക്കുമാറാകട്ടെ.

അബ്ദുല്ല അഹമ്മദ് സൈദ്

പബ്ലിക്കേഷൻസ് ആൻഡ് പബ്ലിഷിംഗ് അഫയേഴ്സ് അസിസ്റ്റന്റ് അണ്ടർ സെക്രട്ടറി

# ആദ്യ പതിപ്പിന്റെ ആമുഖം

നമ്മുടെ കൈയിലുള്ള ഈ കൃതി ഏതൊരു മനുഷ്യനും അന്വേഷിക്കുന്ന യഥാർത്ഥ സൗഭാഗ്യജീവിതത്തിലേക്കുള്ള വഴി വരച്ചുകാട്ടുകയാണ്. മനുഷ്യന്റെ കേവല താത്പര്യങ്ങളല്ല ഈ പുസ്തകത്തിന് അവലംബമായിട്ടുള്ളത്. മറിച്ച്, ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഉരുത്തിരിഞ്ഞ തെളിവുകളെ ആശ്രയിച്ചുകൊണ്ടാണ് ഗ്രന്ഥകാരൻ ഈ ഉദ്യമം നിർവഹിച്ചിരിക്കുന്നത്. ഒരു വിശ്വാസി സ്വീകരിച്ചിട്ടുള്ള സൗഭാഗ്യം തന്നെയാണത്. ഇതിലൂടെ തന്നെയാണ് ഈമാനിക സമൂഹം ജീവിക്കുക. അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ തൃപ്തി നേടുകയും ചെയ്യാനുള്ള ഒരേയൊരു ജീവിത പദ്ധതിയാണത്.

സുഊദി അറേബ്യയിൽ നജ്ദ് മേഖലയിലെ ഖസീമിലെ ഉനൈസ പട്ടണത്തിൽ ജനിച്ച പ്രമുഖ പണ്ഡിതനുമായ (അബ്ദുർ റഹ്മാൻ ബിൻ നാസ്വിർ ബിൻ അബ്ദുല്ല ആലു സഅ്ദി)

ആണ് ഈ കൃതിയുടെ രചയിതാവ്. അദ്ദേഹത്തിന്റെ ശൈശവാവസ്ഥയിൽ തന്നെ മാതാപിതാക്കൾ മരിച്ചിരുന്നു, പക്ഷേ അദ്ദേഹത്തിന് വളരെയധികം ബുദ്ധിശക്തിയും വിവേകവും അറിവ് നേടാനുള്ള ആഗ്രഹവും ഉണ്ടായിരുന്നു. ചെറുപ്രായത്തിൽ തന്നെ ഖുർആൻ മനഃപാഠമാക്കാൻ തുടങ്ങിയ അദ്ദേഹം പന്ത്രണ്ടാം വയസ്സിൽ തന്നെ അത് വളരെ നന്നായി പൂർത്തിയാക്കി. മറ്റുള്ള വിജ്ഞാനശാഖകൾ നുകരാൻ ആരംഭിച്ച അദ്ദേഹം തന്റെ നാട്ടുകാരായ പല പണ്ഡിതന്മാരിൽ നിന്നും അറിവ് നേടുകയും അവരുടെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ വ്യത്യസ്ത വിഷയങ്ങളിലുള്ള വിജ്ഞാനത്തിന്റെയും അറിവിന്റെയും വലിയ പങ്ക് തന്നെ അദ്ദേഹം കരസ്ഥമാക്കി

ഇരുപത്തിമൂന്നാം വയസ് മുതൽ മുതൽ മതപഠനത്തോടൊപ്പം അദ്ദേഹം അധ്യാപനവും ആരംഭിച്ചു. അറിവ് നുകരുന്നതോടൊപ്പം അദ്ദേഹം അത്

പകർന്നുകൊടുക്കാനും തുടങ്ങി. ഈ രീതിയിൽ തന്നെ അദ്ദേഹം ജീവിതകാലം മുഴുവൻ ചെലവഴിച്ചു. നിരവധി ആളുകൾ അദ്ദേഹത്തിൽ നിന്ന് പ്രയോജനപ്രദമായ വിജ്ഞാനം നേടിയിട്ടുണ്ട്.

1 - അദ്ദേഹം ഓതിപ്പഠിച്ച പണ്ഡിതന്മാരിൽ ആദ്യത്തെയാൾ ശൈഖ് ഇബ്രാഹീം ബിൻ ഹമദ് ബിൻ ജാസിർ ആയിരുന്നു.

2- ഉനൈസയിലെ ന്യായാധിപനായിരുന്ന ശൈഖ് സ്വാലിഹ് ബിൻ ഉഥ്മാൻ അദ്ദേഹത്തിന്റെ മറ്റൊരു അധ്യാപകനായിരുന്നു. അദ്ദേഹത്തിൽ നിന്ന് ഉസ്വൂൽ, കർമ്മശാസ്ത്രം, തൗഹീദ്, ഖുർആൻ വ്യാഖ്യാനം, അറബിഭാഷ തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം വിജ്ഞാനം നുകർന്നു. മരണം വരെ ഈ ശൈഖിന്റെ കൂടെ അദ്ദേഹം അറിവ് പഠിച്ചുകൊണ്ട് കഴിച്ചുകൂട്ടി. ശൈഖ് സഅ്ദിക്ക് ഫിഖ്ഹിലും അതിന്റെ ഉസ്വൂലുകളിലും ആഴമേറിയ വിജ്ഞാനമുണ്ടായിരുന്നു. തൗഹീദുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സൂക്ഷ്മജ്ഞാനം

നേടിയ പണ്ഡിതനായിരുന്നു അദ്ദേഹം. പരിഗണനീയമായ ഗ്രന്ഥങ്ങളുമായി - പ്രത്യേകിച്ച്, ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യയുടെയും ഇബ്നുൽ ഖയ്യിമിന്റെയും കിതാബുകളുമായുള്ള- ഇടമുറിയാത്ത ബന്ധമായിരുന്നു അദ്ദേഹത്തിന്റെ ഈ വൈജ്ഞാനിക വളർച്ചയുടെ കാരണം. ഖുർആൻ വ്യാഖ്യാനവും അതുമായി ബന്ധപ്പെട്ട വിജ്ഞാനശാഖകളും പഠിക്കാൻ ശൈഖിന് അതീവ ശ്രദ്ധയുണ്ടായിരുന്നു. ആ വിഷയം അദ്ദേഹം ധാരാളമായി വായിക്കുകയും അതിൽ വലിയ നൈപുണ്യം നേടുകയും ചെയ്തു. തഫ്സീറുമായി ബന്ധപ്പെട്ട് അദ്ദേഹം രചിച്ച ചില കൃതികൾ കാണുക:

1- تيسير الكريم الرحمن في تفسير كلام المنان എട്ട് ഭാഗങ്ങൾ

2- تيسير اللطيف المنان في خلاصة تفسير القرآن.

3. القواعد الحسان لتفسير القرآن.

ഇവക്ക് പുറമെ, വായിക്കാനും പഠിക്കാനും നാം ഏറെ ശ്രദ്ധ പുലർത്തേണ്ടുന്ന അദ്ദേഹത്തിന്റെ മറ്റുചില പുസ്തകങ്ങളിതാ:

4- الإرشاد إلى معرفة الأحكام.

5. الرياض الناضرة.

6. بهجة قلوب الأبرار

7. منهج السالكين وتوضيح الفقه في الدين

8. حكم شرب الدخان وبيعه وشرائه.

9. الفتاوى السعدية.

10. അദ്ദേഹത്തിന്റെ ജുമുഅ ഖുത്ബകൾ ക്രോഡീകരിച്ച പ്രസംഗങ്ങളുടെ മൂന്ന് ശേഖരങ്ങൾ

11. الحق الواضح المبين بشرح توحيد الأنبياء والمرسلين.

12. توضيح الكافية الشافية (نونية ابن القيم).

കർമ്മശാസ്ത്രം, തൗഹീദ്, ഹദീഥ്, ഉസ്വൂലുകൾ, സാമൂഹിക വ്യവഹാരങ്ങൾ തുടങ്ങിയ വിഷയങ്ങൾ, വിവിധ ഫത്'വകൾ എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

മരണം: മരണത്തിന്റെ വിളിയാളമെന്നോണം കടുത്ത ഒരു രോഗം ശൈഖിനെ പിടികൂടിയിട്ടുണ്ടെന്ന വിവരം

ഞ്ഞെട്ടലോടെയാണ് വന്നത്. അങ്ങനെ ഹിജ്റ 1376 ജുമാദൽ ആഖിറ, ഇരുപത്തിമൂന്നാം തീയതി വ്യാഴാഴ്ച രാത്രി ഉനൈസ നഗരത്തിൽ വെച്ച് അദ്ദേഹം അന്തരിച്ചു. ശൈഖിനെ പരിചയമുള്ളവരുടെയും കേട്ടറിഞ്ഞവരുടെയും അദ്ദേഹത്തിന്റെ കിതാബുകൾ വായിച്ചവരുടേയുമെല്ലാം മനസ്സിൽ വലിയ വേദനയും ദുഃഖവും നിറച്ച സംഭവമായിരുന്നു അത്. അല്ലാഹു അദ്ദേഹത്തിന് കാരുണ്യം ചൊരിയുകയും ശൈഖിന്റെ അറിവും രചനകളും കൊണ്ട് നമുക്ക് പ്രയോജനം നൽകുകയും ചെയ്യുമാറാകട്ടെ.

റിയാദ്. ഹിജ്റ 1378, റമദാൻ 11

അന്നൂർ പ്രിന്റിങ് ആൻഡ് ബൈൻഡിങ് കമ്പനി

# രചയിതാവിന്റെ ആമുഖം

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാകുന്നു. അവന്ന് യാതൊരു പങ്കുകാരുമില്ല. മുഹമ്മദ് നബി അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നബിയുടെ മേലും അവിടുത്തെ കുടുംബത്തിലും സ്വഹാബികളിലും അല്ലാഹുവിന്റെ സ്വലാത്തും സലാമും വർഷിക്കുമാറാകട്ടെ

മനസ്സിന് സമാധാനവും സന്തോഷവും ഉണ്ടാകലും ദുഃഖങ്ങളും വ്യസനങ്ങളും നീങ്ങലും, എല്ലാ മനുഷ്യരും അന്വേഷിക്കുന്ന ലക്ഷ്യമാണ്. സന്തോഷം പൂർണത പ്രാപിക്കുന്നതും നല്ല ജീവിതം കരഗതമാവുന്നതും അതിലൂടെയാണ്. അത് നേടിയെടുക്കണമെങ്കിൽ മതപരവും പ്രകൃതി സഹജവും കർമ്മപരവുമായ

ഒട്ടേറെ ഘടകങ്ങൾ ആവശ്യമാണ്. അവ മൂന്നും ഒരുമിക്കുക വിശ്വാസികളിലല്ലാതെ സാധ്യതയില്ല. മറ്റുള്ളവർക്ക് അവയിൽ ചിലത് അവരിലെ ബുദ്ധിജീവികൾ കഠിനമായി പരിശ്രമിക്കുന്നതിലൂടെ ലഭിക്കുന്നുണ്ടെങ്കിലും കൂടുതൽ ഫലപ്രദവും സ്ഥായിയും വർത്തമാനത്തിലും ഭാവിയിലും ഗുണകരവുമായ രൂപത്തിൽ അത് അവർക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

എല്ലാ മനുഷ്യരുടേയും അഭിലാഷമായ ഈ മഹനീയ ലക്ഷ്യം നേടുന്നതിനുള്ള ചില ഉപാധികൾ സമർപ്പിക്കുകയാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

അവ വളരെ കൂടുതൽ നേടുകയും അങ്ങനെ സന്തോഷകരമായ ജീവിതം നയിച്ചവരുണ്ട്. അവയിൽ പൂർണ്ണമായും പരാജയപ്പെട്ട് ദൗർഭാഗ്യകരവും നിരാശാജനകവുമായ ജീവിതം ജീവിച്ചവരുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച തോതനുസരിച്ച് ഇതു രണ്ടിന്റെയും ഇടയിൽ ഏറ്റ

വ്യത്യാസത്തോടെ കഴിഞ്ഞവരുമുണ്ട്. എല്ലാ നൻമയിലേക്കും സഹായിക്കുന്നവനും എല്ലാ ബുദ്ധിമുട്ടുകളും തടയുന്നവനും അല്ലാഹുവാണ്. അവനോടാണ് അതിനെല്ലാം സഹായം തേടേണ്ടത്.

# അധ്യായം

1. പ്രസ്തുത ഉപാധികളിൽ ഏറ്റവും പ്രാധാന്യമുള്ളതും അടിസ്ഥാനപരവുമായത് വിശ്വാസവും സൽകർമ്മവുമാണ്. അല്ലാഹു പറയുന്നു:

﴿مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾﴾ [النحل: 97]

"ഏതൊരു സ്ത്രീയോ പുരുഷനോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൽ ഏററവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും." (അന്നഹ്ൽ: 97)

വിശ്വാസവും സൽകർമ്മവും ഒരുമിപ്പിക്കുന്നവർക്ക് ഈ ലോകത്ത്

നല്ലൊരു ജീവിതവും ഇവിടേയും പാരത്രിക ലോകത്തും നല്ല പ്രതിഫലവും അല്ലാഹു വാഗ്ദാനം നൽകിയിരിക്കുന്നു. അതാണ് ഉപര്യുക്തവചനത്തിലൂടെ അവനറിയിക്കുന്നത്.

അതിന്റെ കാരണം വ്യക്തമാണ്. അല്ലാഹുവിലുള്ള ശരിയായ വിശ്വാസം സൽകർമ്മത്തെ പ്രതിഫലിപ്പിക്കുന്നതും മനസ്സിനേയും സ്വഭാവത്തേയും സംസ്കരിക്കുന്നതും ഇഹപരത്തെ നന്നാക്കുന്നതുമാണ്. അവരുടെ കൂടെ ചില മൗലികമായ അടിസ്ഥാന തത്വങ്ങളുണ്ട്. തങ്ങൾക്ക് ഉണ്ടാകുന്ന സന്തോഷത്തിന്റെയും ആഹ്ളാദത്തിന്റെയും ഉപാധികളെയും, അസ്വസ്ഥതയുടെയും ദുഃഖങ്ങളുടെയും കാരണങ്ങളെയും ആ അടിസ്ഥാനത്തിലാണ് അവർ സ്വീകരിക്കുന്നതും നോക്കികാണുന്നതും.

ഇഷ്ടപ്പെട്ടതും സന്തോഷകരവുമായ കാര്യങ്ങളുണ്ടാകുമ്പോൾ അവർ അവയെ സ്വീകരിക്കുകയും അതിന് നന്ദി

പ്രകാശിപ്പിക്കുകയും ഉപകാരപ്രദമായ മാർഗ്ഗത്തിൽ അവയെ ഉപയോഗിക്കുകയും ചെയ്യുന്നു. ഈ രൂപത്തിൽ അതിനെ ഉപയോഗിക്കുമ്പോൾ അതിൽ സന്തോഷിക്കുകയും അത് അവശേഷിക്കണമെന്നും അനുഗൃഹീതമായിത്തീരണമെന്നും ആഗ്രഹിക്കുകയും നന്ദിയുള്ളവർക്ക് ലഭ്യമാവുന്ന പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യുന്നു. തൻമൂലം അതിന്റെ പരിണിതഫലമായി ആ സന്തോഷത്തിന് പുറമെ നൻമകൾ നിറഞ്ഞ മഹത്തായ നേട്ടങ്ങൾ ഉണ്ടായിത്തീരുന്നു.

വിശ്വാസികൾ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുള്ളതോ വ്യസനവും ദുഃഖകരവുമായതോ ആയ കാര്യങ്ങളെ സാധ്യമായ രീതിയിൽ പ്രതിരോധിച്ചും കഴിയുന്നത്ര ലഘൂകരിച്ചും കൊണ്ട് അവയെ അഭിമുഖീകരിക്കുന്നു. അതിന് നിർവ്വാഹമില്ലാത്തതാണെങ്കിൽ നല്ല രീതിയിൽ ക്ഷമിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി പ്രയാസങ്ങൾ

ഫലപ്രദമായി തരണം ചെയ്യാനുള്ള പരിചയവും കഴിവും അവർക്ക് ലഭിക്കുന്നു. ക്ഷമയും പ്രതിഫലവും കാംക്ഷിക്കുന്നതിനാൽ വലിയ ഗുണങ്ങൾ അവരിലുണ്ടായിത്തീരുകയും ചെയ്യുന്നു. ആ ഗുണങ്ങളോടു കൂടെ ഏത് പ്രയാസങ്ങളും മാഞ്ഞുപോവുകയും തൽസ്ഥാനത്ത് സന്തോഷവും ശുഭപ്രതീക്ഷയും അല്ലാഹുവിന്റെ അനുഗ്രഹത്തിലും പ്രതിഫലത്തിലുമുള്ള ആഗ്രഹവും അവന്റെ മനസ്സിൽ വരുന്നു. ഇതിനെ കുറിച്ച് നബി (ﷺ) പറയുന്നു:

"വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവന്റെ മുഴുവൻ കാര്യങ്ങളും അവന് നന്മയാണ്. അവന് സന്തോഷകരമായവ വന്നാൽ അവൻ നന്ദി ചെയ്യുകയും അങ്ങനെ അതവന് നന്മയായിത്തീരുകയും ചെയ്യുന്നു. ഇനി അവനെ ബുദ്ധിമുട്ടുകൾ ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. തൻമൂലം അതും അവന് നന്മയായിത്തീരുന്നു. അത് വിശ്വാസികൾക്കല്ലാതെ

മറ്റൊരാൾക്കുമില്ല." (മുസ്ലിം) വിശ്വാസി അഭിമുഖീകരിക്കുന്ന സന്തോഷത്തിന്റെയും സന്താപത്തിന്റെയും മുഴുവൻ ഘട്ടങ്ങളിലും അവന് നേട്ടങ്ങളും നൻമകളും കർമ്മഫലങ്ങളും ഇരട്ടിയായി വർദ്ധിക്കുകയാണെന്ന് നബി (ﷺ) ഇവിടെ വ്യക്തമാക്കി. അതിനാൽ നന്മയുടേയോ തിന്മയുടേയോ ആയ സംഭവങ്ങൾ നേരിടുന്ന രണ്ടാളുടെ അവസ്ഥകളിൽ വലിയ മാറ്റം കാണാം. വിശ്വാസത്തിലും സൽകർമ്മത്തിലുമുള്ള അവരുടെ വ്യത്യാസത്തിന് അനുസൃതമായിരിക്കും ആ സംഭവത്തോടുള്ള അവരുടെ സമീപനം. ഈ രണ്ടു ഗുണങ്ങളുമുള്ള വ്യക്തി നന്മയും തിന്മയുമായ കാര്യങ്ങളോട് ഉപര്യുക്ത രീതിയിൽ നന്ദിയോടും ക്ഷമയോടും കൂടിയായിരിക്കും സമീപിക്കുക. അത് അവന് സന്തോഷം നൽകുകയും ദുഃഖവും മാനസികാസ്വാസ്ഥ്യവും ജീവിത നൈരാശ്യവും നീക്കിക്കളയുകയും തന്മൂലം ഈ ലോകത്ത് നല്ലൊരു ജീവിതം അവന്

കരഗതമാവുകയും ചെയ്യുന്നു. എന്നാൽ വിശ്വാസിയല്ലാത്തവൻ തനിക്ക് ഇഷ്ടപ്പെട്ട കാര്യത്തെ ആർത്തിയോടും അത്യാഹ്ളാദത്തോടും കൂടി സമീപിക്കുന്നു. തൻമൂലം അവന്റെ സ്വഭാവങ്ങൾ ദുഷിക്കുന്നു. അവൻ മൃഗത്തെപ്പോലെ അത്യാഗ്രഹത്തോടെയും അതിമോഹത്തോടെയും അതിനെ സ്വീകരിക്കുന്നു. എന്നാൽ അത് ലഭിച്ചാൽ അവന്റെ മനസ്സിന് സമാധാനമുണ്ടാകുന്നില്ല. മറിച്ച് ഒട്ടേറെ വഴികളിലൂടെ അത് സഞ്ചരിക്കുന്നു. തന്റെ ഇഷ്ടപ്പെട്ട നേട്ടങ്ങൾ നഷ്ടപ്പെടുന്നതിനെ കുറിച്ചും ആ നേട്ടങ്ങളിലുണ്ടായേക്കാവുന്ന പ്രതിസന്ധികളുടെ ആധിക്യത്തെക്കുറിച്ചും അവന്റെ മനസ്സ് ഭയപ്പെടുന്നു. അതിനു പുറമെ ഇത്തരക്കാരുടെ മനസ്സുകൾ ഒരു അതിർത്തിയിൽ നിൽക്കാറില്ല. മറിച്ച് മറ്റു പല നേട്ടങ്ങൾക്ക് വേണ്ടിയും അത് ദാഹിക്കുന്നു. അത് കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യാം. അത് കിട്ടിയാൽ നേട്ടങ്ങളുണ്ടാകുമ്പോഴുള്ള

അസ്വസ്ഥതകൾ അവനെ വീണ്ടും ബാധിക്കുന്നു. അവൻ ഭയത്തോടും അസ്വസ്ഥതയോടും മടുപ്പോടും പരിഭ്രമത്തോടും കൂടിയാണ് പ്രയാസങ്ങളെ സമീപിക്കുക. അത് അവന് ജീവിതത്തിൽ പരാജയവും ചിന്താപരവും ഞരമ്പ് സംബന്ധവുമായ രോഗങ്ങളും ഉണ്ടാക്കുന്നു. ചില ഘട്ടങ്ങളിൽ അത് മുഖേന അവന്റെ മനസ്സിനെ ബാധിക്കുന്ന ഭയം വളരെ മോശമായ അവസ്ഥയിലേക്ക് അവനെ എത്തിച്ചേക്കും. അവന്റെ മാനസിക നില തന്നെ വഷളായേക്കും. കാരണം അവൻ അല്ലാഹുവിൽ ഒരു പ്രതിഫലവും പ്രതീക്ഷിക്കുന്നില്ല. അവനെ ആശ്വസിപ്പിക്കുന്നതിനോ അതിനെ ലഘൂകരിക്കുന്നതിനോ മതിയായ ക്ഷമയും അവന്റെ പക്കലില്ല.

ഇതൊക്കെ അനുഭവത്തിൽ ദൃശ്യമായ കാര്യങ്ങളാണ്. ഇതിന് ഉദാഹരണത്തിനായി സമൂഹത്തിന്റെ അവസ്ഥകളെ പഠിക്കുന്നവർക്ക് വിശ്വാസത്തിൽ അധിഷ്ഠിതമായി ജീവിക്കുന്നവന്റേയും

അപ്രകാരമല്ലാത്തവന്റെയും ഇടയിൽ വലിയ വ്യത്യാസം കാണാവുന്നതാണ്. മതം അല്ലാഹു നൽകുന്ന വിഭവത്തിലും അവൻ കൊടുക്കുന്ന ഭിന്ന അനുഗ്രഹങ്ങളിലും സംതൃപ്തിയടയാൻ മനുഷ്യനെ അത്യധികം പ്രേരിപ്പിക്കുന്നു.

അപ്പോൾ ഒരു വിശ്വാസി രോഗമോ ദാരിദ്ര്യമോ, അതുപോലെ ഏതു മനുഷ്യനും വന്നുഭവിക്കാവുന്ന മറ്റുവല്ലതും കൊണ്ടോ പരീക്ഷിക്കപ്പെട്ടാൽ വിശ്വാസവും, ഉള്ളതിൽ തൃപ്തിയടയുക എന്ന സ്വഭാവവും അല്ലാഹു തനിക്ക് നൽകിയതിലുള്ള തൃപ്തിയും കാരണത്താൽ സന്തുഷ്ടനായി തന്നെ കഴിയുന്നു. തനിക്ക് നേടാൻ സാധിക്കാത്തത് കിട്ടാത്തതിന്റെ പേരിൽ അവന്റെ മനസ്സ് അസ്വസ്ഥമാകുന്നില്ല. തന്നേക്കാൾ ജീവിത സൗകര്യത്തിലും മറ്റും താഴെയുള്ളവരെ കുറിച്ച് അവൻ ചിന്തിക്കുന്നു. തന്നേക്കാൾ മേലെയുള്ളവരിലേക്ക് അവൻ ചിന്തിക്കുന്നില്ല. ഈ സംതൃപ്തി ലഭ്യമാകാത്തവനും എന്നാൽ ഭൗതികമായ

എല്ലാ നേട്ടങ്ങളും കൈവരിച്ചവനുമായ വ്യക്തിയേക്കാൾ ചിലപ്പോൾ ജീവിതത്തിൽ ആശ്വാസവും ആനന്ദവും ആഹ്ളാദവും ഒരു വിശ്വാസിക്ക് കൂടുതൽ ലഭിക്കുന്നു.

എന്നാൽ വിശ്വാസത്തിന് അനുസൃതമായ ജീവിതം നയിക്കാത്തവൻ ദാരിദ്ര്യം കൊണ്ടോ ഭൗതികമായ ഏതെങ്കിലും നേട്ടം നഷ്ടപ്പെട്ടുകൊണ്ടോ പരീക്ഷണത്തിന് വിധേയമായാൽ അവൻ ദൗർഭാഗ്യത്തിന്റേയും നാശത്തിന്റെയും ആഴങ്ങളിൽപെട്ട് വിഷമിക്കുന്നത് കാണാം.

ഇതിന്റെ മറ്റൊരു മാതൃക ഇങ്ങനെയാണ്. ഭയത്തിന്റെ കാരണങ്ങൾ ഉണ്ടാവുകയും ഭീതി മനുഷ്യനെ ബാധിക്കുകയും ചെയ്താൽ ശരിയായ വിശ്വാസമുള്ളവൻ മനസ്സമാധാനത്തോടെ ഉറച്ചു നിൽക്കും. നിയന്ത്രണം കൈവിടാതെ തനിക്ക് സാധ്യമായത്ര വാക്കും പ്രവൃത്തിയും ചിന്തയും ഉപയോഗിച്ചു കൊണ്ട് ആ വിഷമത്തെ അവൻ നിയന്ത്രിക്കുകയും ലഘൂകരിക്കുകയും ചെയ്യും. ആ പ്രയാസകരമായ സന്ദർഭത്തിനു വേണ്ടി

അവൻ തന്നെ ഒരുക്കി നിർത്തുന്നതാണ്. ഈ രീതി മനുഷ്യന് ആശ്വാസവും ഹൃദയത്തിന് സ്ഥൈര്യവും നൽകുന്നു.

എന്നാൽ വിശ്വാസമില്ലാത്തവനെ ഇതിന്റെ വിപരീതാവസ്ഥയിലായി നമുക്ക് കാണാം. അവന് ഭയാനകമായ വല്ലതും സംഭവിച്ചാൽ അവന്റെ മനസ്സ് പതറുകയും ഞരമ്പുകൾ തളരുകയും ചിന്തകൾ ചിതറിപ്പോവുകയും ചെയ്യുന്നു. ഭീതി അവന്റെ ഉള്ളിൽ പ്രവേശിക്കുകയും ബാഹ്യമായ പേടിയും വിവരണാതീതമായ ഒരുതരം ആന്തരിക അസ്വസ്ഥതയും അവനിൽ ഒരുമിക്കുകയും ചെയ്യുന്നു. ഇത്തരം ആളുകൾക്ക് വളരെക്കാലത്തെ പരിശീലനത്തിലൂടെ ലഭ്യമാകുന്ന പ്രകൃതിപരമായ ചില അവലംബങ്ങൾ ഇല്ലായിരുന്നുവെങ്കിൽ അവൻ എല്ലാ കഴിവുകളും തകർന്ന് നാശത്തിന് വിധേയനായേനെ. കാരണം സഹനത്തിന് പ്രേരിപ്പിക്കുന്ന വിശ്വാസം അവനില്ല. വ്യസനകരവും ഭീതി ജനകവുമായ പ്രതിസന്ധി ഘട്ടത്തിൽ പ്രത്യേകിച്ചും.

അപ്പോൾ നല്ലവനും ദുഷ്ടനും വിശ്വാസിയും നിഷേധിയും മനുഷ്യ പ്രയത്നത്തിലൂടെ നേടിയെടുക്കുന്ന ധീരത കൈവരിക്കുന്നതിലും, ഭീതിയെ ലഘൂകരിക്കുകയും നിസ്സാരമാക്കുകയും ചെയ്യുന്ന സ്വഭാവ ഗുണത്തിലും പരസ്പരം പങ്കാളികളാവുന്നു. ഇവർക്കെല്ലാം ഈ ധൈര്യമുണ്ടാകാം. എങ്കിലും വിശ്വാസി തന്റെ വിശ്വാസത്തിന്റെ ശക്തി കൊണ്ടും ക്ഷമ അവലംബിച്ചും അല്ലാഹുവിൽ ഭരമേൽപിച്ചും അവന്റെ പ്രതിഫലം ആഗ്രഹിച്ചും കൊണ്ട് അവൻ വ്യതിരിക്തവും സവിശേഷവുമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നു. അതിനാൽ അവന്റെ ധൈര്യം വർദ്ധിക്കുകയും ഭീതിയുടെ ശക്തി കുറയുകയും പ്രയാസങ്ങൾ അവന് നിസ്സാരമായിത്തീരുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു:

﴿وَلَا تَهِنُوا۟ فِى ٱبْتِغَآءِ ٱلْقَوْمِ ۖ إِن تَكُونُوا۟ تَأْلَمُونَ فَإِنَّهُمْ يَأْلَمُونَ كَمَا تَأْلَمُونَ ۖ وَتَرْجُونَ مِنَ ٱللَّهِ مَا لَا يَرْجُونَ ۗ ...﴾ [النساء: 104]

"നിങ്ങൾ വേദനിക്കുന്നുവെങ്കിൽ നിങ്ങൾ വേദനിക്കുന്നത് പോലെ നിശ്ചയം അവരും വേദനിക്കുന്നുണ്ട്. അവർ ആഗ്രഹിക്കാത്തത് നിങ്ങൾ അല്ലാഹുവിൽ നിന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു". (നിസാഅ്: 104) മാത്രമല്ല, അവരുടെ ഭീതിയെ തകർക്കുന്ന രൂപത്തിലുള്ള അല്ലാഹുവിന്റെ സഹായവും പ്രത്യേക സഹായികളും അവർക്ക് ലഭിക്കുന്നതാണ്. അല്ലാഹു പറഞ്ഞു:

﴿وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُوا۟ فَتَفْشَلُوا۟ وَتَذْهَبَ رِيحُكُمْ ۖ وَٱصْبِرُوٓا۟ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿٤٦﴾﴾ [الأنفال: 46]

"നിങ്ങൾ ക്ഷമിക്കുക. നിശ്ചയം അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്." (അൻഫാൽ: 46)

2. മനുഷ്യനെ ബാധിക്കുന്ന അസ്വസ്ഥതയും ദുഃഖവും വ്യഥയും

ഇല്ലാതാക്കുന്ന കാരണങ്ങളിൽ രണ്ടാമത്തേത് വാക്കും പ്രവൃത്തിയും കൊണ്ടും എല്ലാ നന്മകൾ കൊണ്ടും സൃഷ്ടികൾക്ക് സേവനം ചെയ്യലാണ്. അവ മുഴുവനും നന്മയും ഉപകാരവുമാണ്. അക്കാരണത്താൽ അല്ലാഹു നല്ലവന്റെയും ദുഷ്ടന്റെയും ദുഃഖങ്ങളും വ്യസനങ്ങളും തങ്ങളുടെ സേവനത്തിനനുസരിച്ച് തടയുന്നതാണ്. പക്ഷെ വിശ്വാസിക്കാണ് അതിൽ ഏറ്റവും നല്ല ഓഹരിയും പൂർണ്ണമായ പങ്കും ലഭിക്കുക. കാരണം, അവന്റെ സേവനങ്ങൾ നിഷ്കളങ്കവും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടുമായിരിക്കും

അവൻ നന്മ പ്രതീക്ഷിക്കുന്നവനാണ് എന്ന സവിശേഷതയുള്ളതിനാൽ മറ്റുള്ളവർക്ക് നല്ലത് കൊടുക്കാൻ അല്ലാഹു അവന് എളുപ്പമാക്കുകയും അവന്റെ നിഷ്കളങ്കതയും പ്രതിഫലേച്ഛയും കാരണമായി ബുദ്ധിമുട്ടുകളെ അവനിൽ നിന്ന് തടയുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു:

﴿۞ لَّا خَيۡرَ فِي كَثِيرٖ مِّن نَّجۡوَىٰهُمۡ إِلَّا مَنۡ أَمَرَ بِصَدَقَةٍ أَوۡ مَعۡرُوفٍ أَوۡ إِصۡلَٰحِۭ بَيۡنَ ٱلنَّاسِۚ وَمَن يَفۡعَلۡ ذَٰلِكَ ٱبۡتِغَآءَ مَرۡضَاتِ ٱللَّهِ فَسَوۡفَ نُؤۡتِيهِ أَجۡرًا عَظِيمٗا ١١٤﴾ [النساء: 114]

"അവരുടെ മിക്ക സ്വകാര്യ സംഭാഷണങ്ങളിലും നൻമയില്ല. ദാനം ചെയ്യാനോ സദാചാരം കൊണ്ടോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിച്ചവനൊഴികെ. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ആരത് ചെയ്താലും അവന് മഹത്തായ പ്രതിഫലം നാം നൽകുന്നതാണ്." (നിസാഅ്: 114)

ഇക്കാര്യങ്ങൾ ആരിൽ നിന്നുണ്ടായാലും അത് നല്ല കാര്യമാണെന്ന് അല്ലാഹു ഇവിടെ പറഞ്ഞു. നല്ലത് നല്ലതിനെ കൊണ്ട് വരികയും തിൻമയെ തടുക്കുകയും ചെയ്യും. പ്രതിഫലം കാംക്ഷിക്കുന്ന വിശ്വാസിക്ക് മഹത്തായ കൂലി അവൻ നൽകുന്നതുമാണ്. ദുഃഖവും വ്യസനവും പ്രയാസങ്ങളുമൊക്കെ നീങ്ങുകയെന്നത് ആ മഹത്തായ പ്രതിഫലത്തിന്റെ ഭാഗമാണ്.

# അധ്യായം

3. നാഡികൾ ദുർബ്ബലമായതിനാലും മനോവിഷമം ഉണ്ടാക്കുന്ന ചില പ്രയാസകരമായ പ്രശ്നങ്ങളിൽ മനസ്സ് മുഴുകുകയും ചെയ്തതിനാലുമുണ്ടാവുന്ന അസ്വസ്ഥതക്കുമുള്ള മറ്റൊരു പരിഹാരം ഏതെങ്കിലും തൊഴിലിൽ മുഴുകുകയോ ഉപകാരപ്രദമായ വല്ല വിജ്ഞാനവും പഠിക്കുകയോ ചെയ്യുകയാണ്. ഇങ്ങനെ ചെയ്യുമ്പോൾ അസ്വസ്ഥമാക്കിയ കാര്യത്തെ മനസ്സ് ശ്രദ്ധിക്കാതെയാവും. ചിലപ്പോൾ വിഷമവും പ്രയാസവുണ്ടാകാൻ കാരണമായ സംഗതി തന്നെ അതുമുഖേന അവൻ വിസ്മരിച്ചേക്കാം. അങ്ങനെ അവന്റെ മനസ്സ് സന്തോഷിക്കുന്നു. ഉന്മേഷം വർദ്ധിക്കുകയും ചെയ്യുന്നു. ഈ പറഞ്ഞ അവസ്ഥ മുസ്ലിമിനും അമുസ്ലിമിനും ഉണ്ടാകാവുന്ന കാര്യമാണ്. പക്ഷെ വിശ്വാസിക്ക് ചില സവിശേഷതകളുണ്ട്. അവന് ഇഖ്ലാസുണ്ട്. അവൻ അല്ലാഹുവിന് വേണ്ടി മാത്രം പ്രവർത്തിക്കുന്നവനും തന്റെ കർമ്മത്തിലും പഠനത്തിലുമൊക്കെ

വ്യാപൃതനാവുന്നതിൽ പ്രതിഫലം പ്രതീക്ഷിക്കുന്നവനുമാണ്. അവൻ ചെയ്യുന്ന പ്രവൃത്തി ഏതാണെങ്കിലും അത് നൻമയായിത്തീരുന്നു. അതൊരു ഇബാദത്താണെങ്കിൽ അങ്ങനെ! ഭൗതികമായ വല്ല ജോലിയോ വല്ല പതിവ് ചര്യയോ ആണെങ്കിൽ അതോടൊപ്പം നല്ല ഉദ്ദേശ്യം അവനുണ്ടാകുന്നു. ഇതൊക്കെ അല്ലാഹുവിന് സുകൃതം ചെയ്യാൻ തനിക്ക് സഹായകമാകണമെന്ന് അവൻ ഉദ്ദേശിക്കുന്നു. അതിനാൽ വ്യസനങ്ങളും ദുഃഖങ്ങളും അസ്വസ്ഥതയും പ്രതിരോധിക്കുന്നതിൽ അതിന് രചനാത്മകമായ സ്വാധീനമുണ്ടാകുന്നു. അസ്വസ്ഥതയും ശാന്തതയെ കെടുത്തുന്ന കാര്യങ്ങളും വന്നുഭവിക്കുന്ന എത്രയോ ആളുകളുണ്ട്. വിവിധ രോഗങ്ങൾ അവനെ ബാധിക്കുന്നു. എന്നല്ല ഒരു മരുന്ന് മുഖേന അവന്റെ പ്രയാസങ്ങളതാ നീങ്ങുന്നു; തന്നെ അസ്വസ്ഥനാക്കിയ കാര്യം മറന്നുകളയുകയും വല്ല ജോലിയിലും മുഴുകുകയും ചെയ്യുക എന്ന മരുന്നാണത്.

അതിനായി തിരഞ്ഞെടുക്കുന്ന ജോലി മനസ്സിന് ഇണങ്ങുന്നതും താൽപര്യമുളളതുമാകൽ അത്യാവശ്യമാണ്. എങ്കിലേ അത് കൂടുതൽ ഫലപ്രദമായിത്തീരുകയുള്ളൂ.

4. ദുഃഖത്തെ തടയാനുള്ള മാർഗ്ഗങ്ങളിൽ നാലാമത്തേത് വർത്തമാന കാലത്തെ ജോലികളിൽ ചിന്തയെ പൂർണ്ണമായും കേന്ദ്രീകരിക്കുകയാണ്. ഭൂതകാലത്തെ കുറിച്ചുളള ദുഃഖത്തിൽ നിന്നും ഭാവി കാലത്തെ കുറിച്ചുള്ള ആശങ്കയിൽ നിന്നും മനസ്സിനെ മോചിപ്പിക്കുകയും ചെയ്യുക. അത് കൊണ്ടാണ് നബി (ﷺ) ഹമ്മിൽ നിന്നും ഹുസ്നിൽ നിന്നും അല്ലാഹുവിനോട് അഭയം ചോദിച്ചത്. (ബുഖാരി, മുസ്ലിം) ഒരാൾക്ക് തടുക്കാനോ പരിഹരിക്കാനോ കഴിയാത്ത കഴിഞ്ഞകാല സംഭവങ്ങളുടെ പേരിൽ വേദനിക്കുന്നതിനാണ് ഹുസ്നെന്ന് പറയുന്നത്. ഹമ്മ് എന്നാൽ ഭാവിയെ കുറിച്ചുള്ള ആശങ്ക കാരണമായി ഉണ്ടാവുന്ന മനോവിഷമമാണ്. അല്ലാഹുവിന്റെ അടിമ ഇന്നിന്റെ പുത്രനാവുകയാണ് വേണ്ടത്.

തന്റെ വർത്തമാനകാലത്തെ നന്നാക്കുന്നതിന് വേണ്ടി തന്റെ അദ്ധ്വാനവും ശ്രമവും അവൻ വിനിയോഗിക്കണം. ഇങ്ങനെ അവൻ മനസ്സിനെ കേന്ദ്രീകരിച്ചാൽ അവന്റെ പ്രവൃത്തികൾ സമ്പൂർണ്ണത പ്രാപിക്കുന്നു. എല്ലാ മനോവിഷമങ്ങളിൽ നിന്നും അവന്ന് സമാധാനം ലഭിക്കുകയും ചെയ്യും. നബി (ﷺ) വല്ല പ്രാർത്ഥനയും നടത്തുകയോ അതിനായി സമൂഹത്തോട് നിർദ്ദേശിക്കുകയോ ചെയ്താൽ അല്ലാഹുവിനോട് സഹായം തേടുകയും അവന്റെ ഔദാര്യം പ്രതീക്ഷിക്കുകയും ചെയ്യുന്നതോട് കൂടെ പ്രാർത്ഥിച്ച കാര്യം നേടുന്നതിനായി അദ്ധ്വാനിക്കാനും പരിശ്രമിക്കാനും ശക്തമായി പ്രേരിപ്പിക്കുമായിരുന്നു. അവൻ വല്ലതും നീങ്ങി കിട്ടാനാണ് പ്രാർത്ഥിച്ചതെങ്കിൽ അതിൽ നിന്ന് വിട്ടുനിൽക്കാനും അവിടുന്ന് നിർദ്ദേശിക്കുമായിരുന്നു. കാരണം, പ്രാർത്ഥന കർമ്മത്തിനനുസൃതമാണ്. അപ്പോൾ ഒരു വിശ്വാസി തനിക്ക് ഈ

ലോകത്തും പരലോകത്തും ഉപകരിക്കുന്ന കാര്യത്തിൽ പരിശ്രമിക്കുകയും തന്റെ ഉദ്ദേശ്യം വിജയിക്കാനായി തന്റെ റബ്ബിനോട് ചോദിക്കുകയും അതിന് സഹായമർത്ഥിക്കുകയുമാണ് ചെയ്യേണ്ടത്. നബി (ﷺ) പറഞ്ഞു: "നിനക്ക് ഉപകരിക്കുന്നവക്ക് വേണ്ടി നീ നന്നായി പ്രയത്നിക്കുക. അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ ദുർബ്ബലനാകരുത്. നിനക്ക് വല്ല വിപത്തും സംഭവിച്ചാൽ ഞാൻ അങ്ങനെയായിരുന്നു ചെയ്തതെങ്കിൽ ഇന്നാലിന്ന നേട്ടങ്ങളൊക്കെ ഉണ്ടാകുമായിരുന്നേനെ, എന്ന് പറയരുത്. മറിച്ചു നീ പറയുക: അല്ലാഹു കണക്കാക്കി (അതാണ് സംഭവിച്ചത്). അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നതാണ്. കാരണം എങ്കിൽ എന്ന പദം പിശാചിന്റെ പ്രവൃത്തിയെ തുറക്കുന്നതാണ്." (മുസ്ലിം) ഏതവസരത്തിലും ഫലപ്രദമായ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും അല്ലാഹുവിനോട്

സഹായം തേടണമെന്നും
അപകടകാരിയായ അലസത എന്ന
ദുർബ്ബലതക്ക് കീഴടങ്ങരുതെന്നും നബി (ﷺ)
ഇവിടെ കൽപിച്ചു. കഴിഞ്ഞ കാലത്ത് നടന്ന
കാര്യങ്ങൾ മനസാ അംഗീകരിക്കാനും
അതിൽ അല്ലാഹുവിന്റെ വിധിയെ
ദർശിക്കാനുമുള്ള കല്പന അതോടൊപ്പം
നബി(ﷺ) കൂട്ടിച്ചേർത്തു. കാര്യങ്ങൾ രണ്ടു
തരമാണ്. ചിലത് മനുഷ്യന്റെ ശ്രമത്തിലൂടെ
നേടിയെടുക്കാവുന്നതാണ്.
മുഴുവനുമല്ലെങ്കിൽ അതിൽ സാധ്യമായത്ര
നേടിയെടുക്കാൻ
ശ്രമിക്കാവുന്നതായിരിക്കും. അത് പോലെ
തടയാനോ ലഘൂകരിക്കാനോ മനുഷ്യന്
ശ്രമിക്കാൻ സാധിക്കുന്നവയുണ്ടാവും.
ഇത്തരം കാര്യങ്ങളിൽ തന്റെ അദ്ധ്വാനം
വിനിയോഗിക്കുകയും അല്ലാഹുവിനോട്
സഹായം തേടുകയും വേണം. മറ്റൊന്ന്
മനുഷ്യന് സാധിക്കാത്തവയാണ്. അവിടെ
മനുഷ്യൻ സമാധാനിക്കുകയും
തൃപ്തിപ്പെടുകയും കീഴൊതുങ്ങുകയും
ചെയ്യണം. ഇത് മനസ്സിലാക്കുകയും

ഉൾക്കൊള്ളുകയും ചെയ്യുന്നവന് സന്തോഷമുണ്ടാവുകയും ദുഃഖവും വേദനയും നീങ്ങി പോവുകയും ചെയ്യുമെന്നത് സംശയമില്ലാത്ത കാര്യമാണ്.

# അധ്യായം

5. അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ വർദ്ധിപ്പിക്കൽ ഹൃദയ വിശാലതക്കും, മനസ്സമാധാനത്തിനുമുള്ള ഉപാധികളിൽ വലിയ പ്രാധാന്യമുള്ളതാണ്. ഇതിന് മനസ്സിന് സമാധാനം നൽകുന്നതിലും മനസ്സിന്റെ വിഷമങ്ങളെ നീക്കുന്നതിലും ആശ്ചര്യകരമായ സ്വാധീനമാണുള്ളത്. അല്ലാഹു പറയുന്നു:

﴿.. أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ ٢٨﴾ [الرعد: 28]

"അറിയുക! അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ടാകുന്നു ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുന്നത്." (റഅ്ദ്: 28)

അല്ലാഹുവിന്റെ സ്മരണയുടെ പ്രത്യേകത കൊണ്ടും അവൻ അതുമുഖേന അല്ലാഹുവിൽ നിന്ന് പ്രതിഫലം ആഗ്രഹിക്കുന്നത് കൊണ്ടും സമാധാനമെന്ന ലക്ഷ്യം നേടിക്കൊടുക്കുന്നതിൽ അതിന്റെ പങ്ക് വളരെ വലുതാണ്.

6. അല്ലാഹു നൽകിയിട്ടുള്ള ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങൾ പറയുന്നതും ഇപ്രകാരം തന്നെ. കാരണം അത് അറിയുകയും അതിനെ കുറിച്ച് സംസാരിക്കുകയും ചെയ്താൽ അല്ലാഹു അത് മുഖേന അവന്റെ വേദനകളെ തടയുന്നതാണ്. ഉന്നതമായ രൂപത്തിൽ നന്ദി പ്രകടിപ്പിക്കാനും അത് പ്രേരിപ്പിക്കും. അവൻ ദാരിദ്ര്യത്തിന്റെയോ രോഗത്തിന്റെയോ ഇതര പരീക്ഷണങ്ങളുടേയോ ഘട്ടത്തിലായാലും ശരി. തനിക്ക് അല്ലാഹു നൽകിയിട്ടുള്ള അതിരറ്റ അനുഗ്രഹങ്ങളും തന്നെ ബാധിച്ച പ്രയാസവും അവൻ തുലനം ചെയ്താൽ ആ പ്രയാസങ്ങൾ അവനു ലഭിച്ച നൻമയുമായി ഒരു താരതമ്യത്തിനു വേണ്ടത്ര പോലും ഉണ്ടാവുകയില്ല.

മാത്രമല്ല, പ്രയാസങ്ങളും വിപത്തുകളും കൊണ്ട് ഒരാൾ പരീക്ഷിക്കപ്പെടുകയും അതിൽ ക്ഷമ, തൃപ്തിപ്പെടുക, കീഴ്പ്പെടുക എന്നീ ദൗത്യങ്ങൾ അവൻ നിർവ്വഹിക്കുകയും ചെയ്താൽ ആ

ദുരിതങ്ങളുടെ ശക്തി കുറയുകയും അത് കൊണ്ടുള്ള ഭാരം ലഘുവാകുകയും ചെയ്യും. അപ്പോൾ അവന്റെ പ്രതിഫലേച്ഛയും ക്ഷമയും തൃപ്തിയുമാകുന്ന അല്ലാഹുവിനുള്ള ഇബാദത് നിറവേറ്റലും മുഖേന കയ്പുറ്റ കാര്യങ്ങൾ മധുരതരമായി തീരുന്നതാണ്. അതിന് ലഭ്യമാകുന്ന പ്രതിഫലത്തിന്റെ മാധുര്യം ക്ഷമിക്കുമ്പോഴുണ്ടാകുന്ന കയ്പേറിയ അനുഭവങ്ങളെ മറപ്പിച്ചു കളയുകയും ചെയ്യും.

7. ഈ വിഷയത്തിൽ ഫലപ്രദമായ മറ്റൊരു മാർഗ്ഗം നബി (ﷺ) നിർദ്ദേശിക്കുന്നു. അവിടുന്ന് പറഞ്ഞു: "നിങ്ങൾ നിങ്ങളേക്കാൾ താഴെയുള്ളവരെ നോക്കുക. നിങ്ങളേക്കാൾ മേലെയുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് തന്നിട്ടുള്ള അനുഗ്രഹങ്ങളെ നിസാരമായി കാണാതിരിക്കാൻ അതാണ് ചെയ്യേണ്ടത്" (ബുഖാരി) ഒരാൾ തന്റെ നേത്രങ്ങൾക്ക് മുമ്പിൽ ഇത് സ്ഥാപിച്ചാൽ സൃഷ്ടികളിൽ എത്രയോ

ആളുകളേക്കാൾ ആരോഗ്യസംബന്ധമായും വിഭവപരമായും -തന്റെ അവസ്ഥ ഏതായാലും ശരി- താൻ വളരെ ഉന്നതിയിലാണെന്ന് അവന് കാണാൻ കഴിയും. അപ്പോൾ അവന്റെ അസ്വസ്ഥതയും ദുഃഖവും നീങ്ങിപ്പോകുന്നതാണ്. അപ്പോൾ തന്നെക്കാൾ താഴെയുള്ള പലരേക്കാളും തനിക്ക് ലഭിച്ചിട്ടുള്ള അല്ലാഹുവിന്റെ ഉന്നതമായ അനുഗ്രഹങ്ങളിൽ അവന് സന്തോഷം അനുഭവപ്പെടുകയും ചെയ്യും.

അല്ലാഹു നൽകിയ ഭൗതികവും മതപരവും ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങളെ കുറിച്ചുള്ള അവന്റെ ചിന്ത നീളുന്തോറും അല്ലാഹു അവന് ഒട്ടനവധി അനുഗ്രഹങ്ങൾ ചെയ്തതായും എണ്ണമറ്റ പ്രയാസങ്ങൾ തടഞ്ഞതായും അവന് കാണാം. ഇത് ദുഃഖത്തെ അകറ്റുകയും സന്തോഷത്തെ പ്രദാനം ചെയ്യുകയും ചെയ്യുമെന്നത് നിസ്സംശയമാണ്.

# അധ്യായം

8. ദുഃഖത്തെ ഉണ്ടാക്കുന്ന കാര്യങ്ങളെ ഇല്ലാതാക്കുകയും സന്തോഷം നൽകുന്ന കാര്യങ്ങൾ നേടുകയും ചെയ്യുന്നത് സന്തോഷവും സ്വസ്ഥതയുമുണ്ടാക്കാനുള്ള ഒരു മാർഗ്ഗമാണ്. അതിന് കഴിഞ്ഞ കാലത്തുണ്ടായ ദുഃഖകരമായ സംഭവങ്ങൾ മറക്കുകയും അതിനെ കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുന്നത് വൃഥാ പണിയാണെന്നും, അത് വിഡ്ഢിത്തമാണെന്നും അവൻ മനസ്സിലാക്കുകയും വേണം. അപ്പോൾ അവന്റെ മനസ്സ് ആ ചിന്തയോട് സമരം ചെയ്യും. മാത്രമല്ല ഭാവി ജീവിതത്തിൽ ഭീതി, ദാരിദ്ര്യം തുടങ്ങിയ പ്രയാസങ്ങളെ അവൻ ഭാവനയിൽ കാണുകയും അതിന്റെ പേരിൽ അസ്വസ്ഥമാവുകയും ചെയ്യുന്നതിനേയും അവന്റെ മനസ്സ് എതിർക്കുകയും ചെയ്യും.

ഭാവിയിലുണ്ടാകുന്ന നൻമയും തിൻമയും വേദനകളും പ്രതീക്ഷകളുമൊക്കെ അജ്ഞാതമാണെന്നും അതൊക്കെ

അല്ലാഹുവിന്റെ കയ്യിലാണെന്നും അവൻ മനസ്സിലാക്കുന്നു. തന്റെ വിധിയെ ആർക്കും തടുക്കാനാവാത്ത പ്രതാപവാനാണവൻ. അവൻ ഏറ്റവും യുക്തിമാനുമാണ്. നൻമകൾ നേടാനും ഉപദ്രവങ്ങൾ തടയാനും വേണ്ടി പരിശ്രമമല്ലാതെ സൃഷ്ടികളുടെ കയ്യിൽ മറ്റൊന്നുമില്ലെന്നും അവൻ വിശ്വസിക്കുന്നു. ഭാവിയെ കുറിച്ചുള്ള അസ്വസ്ഥതയിൽ നിന്ന് മനസ്സിനെ തിരിച്ചുവെക്കുകയും, അത് നന്നാക്കുന്ന കാര്യത്തിൽ അല്ലാഹുവിൽ പേരിൽ ഭരമേൽപ്പിക്കുകയും ചെയ്യണം. അപ്പോഴാണ് മനസ്സ് സമാധാനിക്കുകയും അവസ്ഥകൾ നന്നാവുകയും ചെയ്യുക. ആശങ്കകളും മനസിന്റെ വെപ്രാളവുമെല്ലാം അങ്ങനെയാണ് നീങ്ങിപ്പോവുക.

9) ഭാവി കാര്യങ്ങൾ നന്നായിത്തീരാൻ ശ്രദ്ധിക്കേണ്ട ഏറ്റവും ഫലപ്രദമായ മാർഗങ്ങളിൽ മറ്റൊന്ന് നബി (ﷺ) നടത്തിയിരുന്ന ഈ പ്രാർത്ഥന പ്രാർത്ഥിക്കലാകുന്നു: "അല്ലാഹുവേ, എന്റെ കാര്യങ്ങളുടെയെല്ലാം രക്ഷാകവചമാകുന്ന എന്റെ ദീനിനെ നീ

എനിക്ക് നന്നാക്കി തീർക്കേണമേ. എന്റെ ജീവിതം നിലകൊള്ളുന്ന ഇഹലോകവും എന്റെ മടക്കസ്ഥാനമായ പരലോകവും നീ എനിക്കുവേണ്ടി നന്നാക്കി തീർക്കേണമേ. എന്റെ ജീവിതം എനിക്ക് എല്ലാ നന്മകളും വർധിപ്പിക്കുന്ന ഒന്നാക്കിത്തീർക്കേണമേ. എന്റെ മരണത്തെ എനിക്ക് എല്ലാ ദോഷങ്ങളിൽ നിന്നുമുള്ള ആശ്വാസമാക്കേണമേ. (മുസ്ലിം) നാം മാതൃകയാക്കേണ്ട നബി (ﷺ) യുടെ മറ്റൊരു പ്രാർത്ഥന: "അല്ലാഹുവേ, നിന്റെ കാരുണ്യമാണ് ഞാൻ തേടുന്നത്. അതിനാൽ കണ്ണിമവെട്ടും നേരമായാലും എന്നിലേക്ക് തന്നെ എന്നെ നീ നീ ഏൽപ്പിക്കരുതേ. എന്റെ മുഴുവൻ വിഷയങ്ങളും എനിക്ക് ഗുണകരമാക്കേണമേ. നീയല്ലാതെ ആരാധനക്കർഹനില്ല." (അബൂദാവൂദ് സ്വഹീഹായ സനദോടെ ഉദ്ധരിച്ചത്.) മനുഷ്യന്റെ ഭൗതികവും മതപരവുമായ ഭാവിയിലെ നൻമകൾ ഉൾക്കൊള്ളുന്ന ഈ

പ്രാർത്ഥന ഹൃദയ സാന്നിദ്ധ്യത്തോടും സദുദ്ദേശ്യത്തോടും കൂടി ഒരാൾ പ്രാർത്ഥിക്കുകയും അതിന് ആവശ്യമായ ശ്രമങ്ങൾ നടത്തുകയും ചെയ്താൽ അല്ലാഹു അവൻ പ്രാർത്ഥിച്ചതും പ്രതീക്ഷിച്ചതും പ്രവർത്തിച്ചതും യാഥാർത്ഥ്യമാക്കുകയും അവന് വിഷമങ്ങൾക്ക് പകരം സന്തോഷം നൽകുകയും ചെയ്യും.

# അധ്യായം

10. അസ്വസ്ഥത നീങ്ങാനുള്ള ഒരു മാർഗ്ഗം. ഒരാൾക്ക് വിപത്തുകൾ ബാധിച്ചാൽ അത് ലഘൂകരിക്കാൻ ശ്രമിക്കലാണ്. ആ വിപത്തുകളുടെ കാര്യം എത്തിയേക്കാൻ സാധ്യമായ ഏറ്റവും മോശമായ അവസ്ഥയെ കണക്കാക്കുകയും അതിന് വേണ്ടി അവന്റെ മനസ്സിനെ പാകപ്പെടുത്തുകയും ചെയ്യുക. അങ്ങനെ അഥവാ സംഭവിച്ചാൽ സാധ്യമാകുന്നത്ര ലഘൂകരിക്കാൻ അവൻ ശ്രമിക്കുക. ഇങ്ങനെ ചെയ്യുമ്പോൾ വേദനകൾ നീങ്ങുന്നതാണ്. അതിന് പകരം തനിക്ക് കഴിയുന്നത്ര ഉപകാരങ്ങൾ നേടാനും പ്രയാസങ്ങൾ തരണം ചെയ്യാനുമുള്ള ശ്രമങ്ങളുണ്ടാവുകയും ചെയ്യും.

ഭയം, രോഗം, ദാരിദ്ര്യം ഇഷ്ടപ്പെട്ടവയുടെ ഇല്ലായ്മ എന്നിവ വന്നുഭവിക്കുമെന്നായാൽ ശാന്തമായും മനസ്സിനെ അതിനായി ഒരുക്കി നിർത്തിക്കൊണ്ടും അവൻ അതിനെ സമീപിക്കണം. മാത്രമല്ല, ഇതിനേക്കാൾ കാഠിന്യമുള്ളതിലും പിടിച്ചു നിൽക്കാൻ മനസ്സിനെ തയ്യാറാക്കണം. പ്രയാസങ്ങൾ

തരണം ചെയ്യുന്നതിൽ മനസ്സിനെ സ്ഥൈര്യപൂർവ്വം നിർത്തുന്നത് അവയെ ലഘൂകരിക്കാനും അവയുടെ കാഠിന്യം കുറക്കാനും ഉപകരിക്കും. തന്റെ കഴിവനുസരിച്ച് അതിനെ പ്രതിരോധിക്കാൻ അവൻ സന്നദ്ധനാകുന്നുവെങ്കിൽ പ്രത്യേകിച്ചും. അപ്പോൾ അവനിൽ തന്റേടമുള്ള മനസ്സും വിപത്തുകളിൽ നിന്ന് മോചനത്തിനുള്ള ശ്രമവും ഒരുമിക്കുന്നു. മാനസികമായി പുതിയ ശക്തി സംഭരിച്ചും അവൻ ആ വിപത്തുകളോട് സമരം ചെയ്യുന്നു. അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ടും അവനെ അവലംബിച്ചുകൊണ്ടുമാണ് ഇത് നിർവഹിക്കേണ്ടത്. ഇവയുടെ ഫലം വളരെ മഹത്തരമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. മനസ്സിന് ആശ്വാസവും സന്തോഷവും അതുമുഖേന ഉണ്ടായിത്തീരുന്നു. പുറമെ അവൻ ഇരുലോകത്തും പ്രതിഫലം പ്രതീക്ഷിക്കുന്നു. ഇത് അനുഭവസാക്ഷ്യമാണ്. ഈ ഗുണങ്ങൾ അനുഭവിച്ചവർ ഒട്ടനേകമുണ്ട്.

# അധ്യായം

11. മാനസിക രോഗങ്ങൾക്കുള്ള ചികിത്സയിൽ പ്രാമുഖ്യമുള്ളതാണ് മനഃശക്തി. അല്ല, ശാരീരിക രോഗങ്ങൾക്കുമുള്ള ചികിത്സ തന്നെയാണിത്. അഥവാ ദുഷിച്ച ചിന്തകൾ കൊണ്ടുവരുന്ന ഊഹങ്ങൾക്കും ഭാവനകൾക്കും വിധേയമായി ഹൃദയം അസ്വസ്ഥമാവാതിരിക്കുക എന്നത്. കോപം, രോഗമോ അത് പോലെയുള്ളതിനെക്കുറിച്ചോ ഉള്ള ആശങ്ക, വേദനിപ്പിക്കുന്നതോ വെറുക്കപ്പെടുന്നതോ ഉണ്ടാവുമെന്നോ, ഇഷ്ടപ്പെട്ടവ നഷ്ടപ്പെട്ടേക്കുമെന്നോ തുടങ്ങിയ ഭാവന എന്നിവയ്ക്ക് ഒരാൾ കീഴ്പ്പെടുകയും അവ അവന്റെ മനസ്സിനെ സ്വാധീനിക്കുകയും ചെയ്താൽ അവൻ ശാരീരികവും മാനസികവുമായ വിഷമത്തിലും വ്യസനത്തിലും അകപ്പെടും. ചിലപ്പോൾ നാഡി സംബന്ധമായ തകർച്ചയും അവനെ ബാധിക്കും. ഇത്തരം പ്രയാസങ്ങൾ ജനങ്ങൾ കണ്ട് കൊണ്ടിരിക്കുന്നതാണല്ലോ. 12. മനസ്സ്

അല്ലാഹുവിനെ അവലംബിച്ചു അവനിൽ തവക്കുൽ ചെയ്യുകയും ഊഹങ്ങൾക്കും തെറ്റായ ഭാവനകൾക്കും അവൻ കീഴ്പെടാതിരിക്കുകയും വിശ്വാസപൂർവ്വം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്താൽ അവന്റെ ദുഃഖങ്ങളും വിഷമങ്ങളും നീങ്ങുന്നതാണ്. മാനസികവും ശാരീരികവുമായ രോഗങ്ങൾ ഇല്ലാതാവുകയും മാനസിക ശക്തിയും വിശാലതയും വിവരണാതീതമായ സന്തോഷവും ലഭിക്കുകയും ചെയ്യും. എന്നാൽ ഊഹങ്ങൾക്കും ഭാവനകൾക്കും കീഴ്പ്പെട്ട് ആശുപത്രിയിൽ എത്ര രോഗികളെയാണ് നാം കാണുന്നത്. അവരിൽ എത്രയോ ശക്തൻമാരെയും കാണാം. പിന്നെ ദുർബലരുടെ കാര്യം പറയേണ്ടതില്ലല്ലോ? എത്രയോ ആളുകളെ അത് വിഢിത്തങ്ങളിലേക്കും ഭ്രാന്തിലേക്കും വരെ എത്തിച്ചിട്ടുണ്ട്. മനസ്സിന്റെ അസ്വസ്ഥതയെ തരണം ചെയ്യാനും അതിനെ ശക്തിപ്പെടുത്താനും വേണ്ട

കാര്യങ്ങൾ നേടാൻ കഴിഞ്ഞവനാണ് അല്ലാഹു അനുഗ്രഹിച്ച ആരോഗ്യവാൻ. അല്ലാഹു പറയുന്നു:

﴿... وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ...﴾ [الطلاق: 3]

"വല്ലവനും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന് അല്ലാഹുതന്നെ മതിയാകുന്നതാണ്." (ത്വലാഖ്: 3) "അവന് അല്ലാഹുതന്നെ മതിയാകുന്നതാണ്" എന്നുപറഞ്ഞാൽ അവന്റെ ഭൗതികവും മതപരവുമായ എല്ലാ കാര്യങ്ങൾക്കും അല്ലാഹു അവന് മതിയാകുന്നതാണ്.

ചുരുക്കത്തിൽ അല്ലാഹുവിൽ ഭരമേൽപ്പിച്ചവൻ ശക്തമായ മനസ്സിന്റെ ഉടമയായിരിക്കും. ഊഹങ്ങൾ അതിനെ സ്വാധീനിക്കില്ല. വിപത്തുകൾക്ക് മുമ്പിൽ അത് പതറുകയില്ല. കാരണം അതൊക്കെ മനസ്സിന്റെ ദുർബ്ബലതയാണെന്നും അകാരണമായ ഭീതിയാണെന്നും അവൻ മനസ്സിലാക്കിയിട്ടുണ്ട്. മാത്രമല്ല അല്ലാഹുവിൽ തവക്കുലാക്കുന്നവരെ

പൂർണ്ണമായും അവൻ സംരക്ഷിക്കുമെന്ന് ദൃഢമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ വാഗ്ദാനത്തിൽ സമാധാനിക്കുകയും ചെയ്യുന്നുമുണ്ട്. അതിനാൽ അസ്വസ്ഥത നീങ്ങുകയും പ്രയാസമുള്ളത് എളുപ്പമുള്ളതാവുകയും ദുഃഖം സന്തോഷമായിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിനോട് നാം സൗഖ്യവും മനഃശക്തിയും സ്ഥൈര്യവും ചോദിക്കുന്നു. നമ്മെ, പരിപൂർണമായി അവനിൽ ഭരമേൽപിക്കുന്നവരാക്കേണമേ എന്നും അല്ലാഹുവിനോട് നാം തേടുന്നു. പരിപൂർണമായ തവക്കുൽ മുഖേനയാണ് അതിന്റെയാളുകൾക്ക് അല്ലാഹു എല്ലാ നന്മകളും നൽകുക. അവരിൽ നിന്നാണ് എല്ലാ പ്രയാസങ്ങളും അല്ലാഹു തടുക്കുക.

# അധ്യായം

13. നബി(ﷺ) പറഞ്ഞു: "ഒരു വിശ്വാസി വിശ്വാസിനിയെ വെറുക്കരുത്. അവളിൽ നിന്ന് ഒരു സ്വഭാവം അവൻ വെറുത്താലും മറ്റൊരു സ്വഭാവം അവൻ തൃപ്തിപ്പെടുന്നുണ്ട്." (മുസ്ലിം) ഇതിൽ മഹത്തരമായ രണ്ട് ഗുണപാഠങ്ങളുണ്ട്.

ഒന്ന്: ഭാര്യ, ബന്ധുക്കൾ, കൂട്ടുകാർ, ഇടപാടുകളുള്ളവർ തുടങ്ങിയ പരസ്പരം ബന്ധമുള്ള വ്യക്തികളോടുള്ള സമീപനത്തെ കുറിച്ചുള്ള നിർദ്ദേശമാണ്. ഒരു കാര്യം മനസിലുറപ്പിക്കുകയും അതിനുവേണ്ടി മനസിനെ പാകപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതായത് ഒരു ബന്ധത്തിലും ന്യൂനതയോ, കുറവോ, വെറുക്കുന്ന കാര്യങ്ങളോ ഉണ്ടാകാതെ തരമില്ല. അങ്ങനെ വല്ലതും നീ കാണുകയാണെങ്കിൽ നിന്റെ മേൽ ബാധ്യതയുള്ള ശക്തമായ ബന്ധവും നിലനിർത്തേണ്ട സ്നേഹവും ആ ന്യൂനതയും തമ്മിൽ താരതമ്യം ചെയ്യുക.

അതിന് വേണ്ടി ആ വ്യക്തിയിലുള്ള നന്മകൾ ഓർക്കുക. ബന്ധം കൊണ്ടുള്ള പൊതുവായതും പ്രത്യേകമായുള്ളതുമായ ആവശ്യങ്ങളും മറക്കാതിരിക്കുക. ഇപ്രകാരം പോരായ്മകൾ അവഗണിക്കുകയും നൻമകളെ നോക്കി കാണുകയും ചെയ്യുമ്പോൾ ബന്ധങ്ങൾ നിലനിൽക്കുന്നതാണ്. പരിപൂർണമായ ആശ്വാസം അതിലൂടെ ലഭിക്കുകയും ചെയ്യും.

രണ്ട്: അസ്വസ്ഥതയും അശാന്തിയും നീങ്ങുകയും നല്ല അവസ്ഥ അവശേഷിക്കുകയും ചെയ്യുന്നുവെന്നതാണ്. അനിവാര്യവും അഭിലഷണീയവുമായ ബാധ്യതകൾ നിർവ്വഹിക്കാനും അങ്ങനെ രണ്ടു പേർക്കും ആശ്വാസത്തോടെ കഴിയുവാനും സാധിക്കുന്നു. നബി(ﷺ)യുടെ ഈ നിർദ്ദേശം അവഗണിച്ചു കൊണ്ട് നൻമകൾ കാണാതെപോവുകയും തിന്മകൾ മാത്രം നിരീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്താൽ അസ്വസ്ഥതകളുണ്ടാവുക തന്നെ ചെയ്യും. അവന്റേയും അവൻ

ബന്ധപ്പെട്ടവരെയും ഇടയിലെ സ്നേഹത്തിന് മങ്ങലേൽക്കുകയും പരസ്പരം പാലിച്ചുപോരുന്ന കടമകൾ ഇല്ലാതായിക്കൊണ്ടിരിക്കുകയും ചെയ്യും

ഉന്നതമായ മനസ്സുള്ള അധിക ജനങ്ങളും വിപത്തുകളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ ക്ഷമിക്കാനും സമാധാനം കണ്ടെത്താനും സ്വന്തം മനസ്സിനെ തയ്യാറാക്കുന്നു. എന്നാൽ നിസ്സാരമായ ചെറിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവർ അസ്വസ്ഥത പ്രകടിപ്പിക്കുന്നു. തെളിഞ്ഞ ബന്ധങ്ങൾ കലങ്ങുന്നു. വലിയ പ്രശ്നങ്ങൾക്ക് വേണ്ടി മാത്രമാണ് അവർ ഒരുങ്ങിയിട്ടുള്ളത് എന്നതാണ് അതിനുള്ള കാരണം. ചെറിയ പ്രശ്നങ്ങളിൽ ആ ശ്രദ്ധ അവർ ഉപേക്ഷിച്ചു പോയി! തൻമൂലം അത്തരം സംഗതികൾ അവർക്ക് ഉപദ്രവമുണ്ടാക്കുകയും അവരുടെ ശാന്തതക്ക് അത് വിഘാതമാവുകയും ചെയ്തു. എന്നാൽ നിശ്ചയദാർഢ്യമുള്ളവർ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളെയും നേരിടാൻ മനസിനെ പാകപ്പെടുത്തുന്നതാണ്.

അതിനായി അല്ലാഹുവോട് അവർ സഹായം തേടുകയും ചെയ്യും. ഒരു കണ്ണിമ വെട്ടുന്ന നേരത്തേക്ക് പോലും സ്വന്തത്തെ തന്നിലേക്ക് തന്നെ ഏൽപിച്ചുകളയരുതേ എന്ന് അവർ പ്രാർത്ഥിക്കും. അപ്പോഴാണ് വലിയ പ്രശ്ങ്ങൾ പോലെ ചെറിയ പ്രശ്നങ്ങളും എളുപ്പമാവുക. മനസ്സമാധാനത്തോടെ ആശ്വാസ പൂർവ്വം അവന് കഴിയാൻ സാധിക്കുക.

# അധ്യായം

14. ശരിയായ ജീവിതമെന്നാൽ സൗഭാഗ്യവും ശാന്തതയുമാണെന്നും അത് വളരെ കുറച്ചു മാത്രമാണുള്ളതെന്നും ബുദ്ധിയുള്ളവൻ മനസ്സിലാക്കുന്നു. പ്രശ്നങ്ങളുടെ കൂടെ സഞ്ചരിച്ചു ദുഃഖത്തിലൂടെ ആ അൽപമായ ജീവിതം നഷ്ടപ്പെടുത്തുന്നത് ബുദ്ധിമാന് യോജിച്ചതല്ല. കാരണം ഇത് ശരിയായ ജീവിതത്തിന് എതിരാണ്. അതിനാൽ തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം ദുഃഖങ്ങൾക്കും അസ്വസ്ഥതകൾക്കും കവർച്ച ചെയ്യാനായി ബുദ്ധിയുള്ളവൻ വിട്ടുകൊടുക്കില്ല. ഇക്കാര്യത്തിൽ നല്ലവനും ചീത്തയാളും തമ്മിൽ വ്യത്യാസമില്ല. എന്നാൽ വിശ്വാസിയാണ് ഇത് പൂർണ്ണവും വർത്തമാനത്തിലും ഭാവിയിലും ഉപകരിക്കുന്നതുമായ രൂപത്തിലും നേടിയെടുക്കുക.

15. മാത്രമല്ല, അവന് വല്ല പ്രയാസവും ബാധിക്കുകയോ അല്ലെങ്കിൽ

അതിനെക്കുറിച്ച് ഭയപ്പെടുകയോ ചെയ്താൽ അവൻ തനിക്ക് ലഭിച്ച മതപരവും ഭൗതികവുമായ അനുഗ്രഹങ്ങളേയും ആ വിപത്തിനേയും തുലനം ചെയ്യേണ്ടതാണ്. അപ്പോൾ അവനുള്ള അനുഗ്രഹങ്ങളുടെ ആധിക്യവും തന്നെ ബാധിച്ച പ്രയാസങ്ങൾ സാരമാക്കേണ്ടതില്ലെന്നും അവന് വ്യക്തമാവും.

ഇതേ പ്രകാരം തന്നെ തനിക്ക് ഉണ്ടായേക്കാവുന്ന വിപത്തിനെ ഭയപ്പെടുന്നത് പോലെ അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങളിലെ സാധ്യതകളെയും അവൻ തുലനം ചെയ്യണം. അതിനുള്ള ഒരു ചെറിയ സാധ്യത പോലും അവൻ ഉപേക്ഷിക്കരുത്. ഇങ്ങിനെ ചെയ്താൽ അവന്റെ വിഷമം നീങ്ങുന്നതാണ്. ഈ സാധ്യതകളിൽ തന്നെ ബാധിക്കാവുന്നതിൽ ഏറ്റവും വലുത് അവൻ കണക്കു കൂട്ടുകയും മനസ്സിനെ തയ്യാറാക്കുകയും വേണം. ശേഷം അതിനെ തടയാനുള്ള മാർഗ്ഗങ്ങളിൽ ശ്രമം ആരംഭിക്കണം. ഇതുമുഖേന മുൻകൂട്ടി കണ്ടത് പോലെ സംഭവിച്ചാൽ അതിനെ

നീക്കാനോ സംഭവിക്കും മുൻപ് തടയാനോ അവന് സാധിക്കും.

16. ജനങ്ങളിൽ നിന്നുണ്ടാവുന്ന പ്രയാസങ്ങൾ, -ചീത്തവാക്കുകൾ പ്രത്യേകിച്ചും- നിനക്ക് ഉപദ്രവം ചെയ്യില്ലെന്ന് നീ മനസ്സിലാക്കണം. മറിച്ച് അതിന്റെ ഉപദ്രവം ചെയ്തവർക്ക് തന്നെയാണ് സംഭവിക്കുക. നീ അത് ഗൗരവപൂർവ്വം പരിഗണിക്കുകയും നിന്റെ വികാരങ്ങളെ അതിന് അധീനമാക്കാൻ അനുവദിക്കുകയും ചെയ്താലേ അത് നിനക്ക് ഉപദ്രവകരമാവുകയുള്ളൂ. നീ അതിന് വില കൽപിച്ചില്ലെങ്കിൽ നിനക്ക് അത് മുഖേന യാതൊരു ബുദ്ധിമുട്ടുമുണ്ടാവില്ല.

17. നിന്റെ ജീവിതം നിന്റെ ചിന്തകൾക്ക് അനുസരിച്ചായിരിക്കും. നിന്റെ ചിന്തകൾ നിനക്ക് മതത്തിലോ ഭൗതികതയിലോ ഉപകരിക്കുന്നതാണെങ്കിൽ നിനക്ക് നല്ലൊരു ജീവിതം ലഭിക്കും. അല്ലെങ്കിൽ ഫലം വിപരീതമായിരിക്കും.

18. വിഷമം അകറ്റാനുള്ള മറ്റൊരു മാർഗ്ഗം, നന്ദി അല്ലാഹുവിൽ നിന്ന് മാത്രം പ്രതീക്ഷിക്കുകയാണ്. നിനക്ക് ബാധ്യതയുള്ളവർക്കോ അല്ലാത്തവർക്കോ നൻമ ചെയ്താൽ നിന്റെ ഇടപാട് അല്ലാഹുവിനോടാണെന്ന് മനസ്സിലാക്കണം. നീ ഉപകാരങ്ങൾ ചെയ്തുകൊടുത്ത ജനങ്ങൾ നന്ദി കാണിച്ചോ ഇല്ലേ എന്ന് നീ പരിഗണിക്കുകയേ ചെയ്യരുത്. അല്ലാഹു അവന്റെ അടുപ്പക്കാരായ അടിമകളെ പരിചയപ്പെടുത്തിയത് ഇതാ ഇങ്ങനെയാണ്:

﴿إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا ﴾

[الإنسان: 9]

"ഞങ്ങൾ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് മാത്രമാണ് നിങ്ങൾക്ക് ഭക്ഷണം നൽകുന്നത്. നിങ്ങളിൽ നിന്ന് വല്ല പ്രതിഫലമോ നന്ദിയോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല." (ഇൻസാൻ: 9)

കുടുംബത്തോടും സന്താനങ്ങളോടും ബന്ധപ്പെട്ടവരോടുമുള്ള പെരുമാറ്റത്തിൽ ഇത് ശക്തമായും പരിഗണിക്കപ്പെടണം.

അവർക്കുണ്ടാവുന്ന ഒരു ബുദ്ധിമുട്ട് അകറ്റാൻ നീ തീരുമാനിച്ചാൽ അവർക്കും നിനക്കും അത് ആശ്വാസം നൽകുന്നതാണ്. ഇതേ പ്രകാരം ആശ്വാസം നൽകുന്ന മറ്റൊരു കാര്യമാണ് ശ്രേഷ്ഠമായ സുകൃതങ്ങൾ കൂടുതൽ അനുഷ്ഠിക്കുകയെന്നത്. മനസിന്റെ താൽപര്യങ്ങൾക്കനുസരിച്ചാണ് അവ നിർവഹിക്കേണ്ടത്. അസ്വസ്ഥകൾ വരുത്തിവെക്കുന്ന തരത്തിൽ സാധിക്കാത്ത ഭാരങ്ങൾ ചുമക്കരുത്. അത് ഉന്നതികൾ നേടിയെടുക്കാനുള്ള നിന്റെ പാതയിൽ പ്രയാസങ്ങൾ സൃഷ്ടിക്കും. കാരണം അപ്പോൾ നീ സഞ്ചരിക്കുന്നത് കെട്ടുപിണഞ്ഞ പാതയിലൂടെയാണ്. ഇതൊരു തത്വമാണ്. കലങ്ങിമറിഞ്ഞ കാര്യങ്ങളിൽ നിന്ന് തെളിഞ്ഞതും മധുരമുള്ളതും മാത്രം നീ സ്വീകരിക്കുക. അപ്പോൾ വ്യക്തിത്വത്തിലെ തെളിമ വർദ്ധിക്കുകയും കല്ലുകടികൾ നീങ്ങുകയും ചെയ്യും.

19. ഉപകരിക്കുന്ന കാര്യങ്ങളെ മുന്നിൽ കാണുകയും അവ ഉറപ്പ് വരുത്താൻ വേണ്ടി

പ്രവർത്തിക്കുകയും ചെയ്യുക. ഉപദ്രവകരമായ കാര്യങ്ങൾ ശ്രദ്ധിക്കാതിരിക്കുകയും വേണം. കാരണം അവ ശ്രദ്ധിച്ചാൽ നിനക്ക് അസ്വസ്ഥതയും വിഷാദവും അതുണ്ടാക്കിയേക്കും. അതിനാൽ അത്തരം കാര്യത്തിൽ അശ്രദ്ധനാവുകയും പ്രധാന കാര്യങ്ങളിൽ ശ്രദ്ധിച്ച് മനസ്സിനെ അതിൽ കേന്ദ്രീകരിച്ച് ആശ്വാസത്തോടെ നീ അവ ചെയ്യുകയും വേണം.

20. കാര്യങ്ങൾ അപ്പപ്പോൾ തന്നെ ചെയ്ത് തീർക്കാൻ ശ്രമിക്കുക. ഭാവിയിലേക്ക് നീട്ടി വെച്ചാൽ നേരത്തെ ചുമലിലുള്ള ജോലിയും പിന്നീട് വരുന്നതും കൂടിയാവുമ്പോൾ എല്ലാം പ്രയാസമായിത്തീരും. അതിനാൽ ഓരോ കാര്യങ്ങളും അതിന്റേതായ സമയത്ത് പൂർത്തിയാക്കുക. എങ്കിൽ നല്ല ചിന്തയോടെ ഭാവികാര്യങ്ങളെ സമീപിക്കാൻ സാധിക്കും. ശക്തമായും കാര്യക്ഷമമായും അവ ചെയ്യാനും കഴിയും.

21. ഫലപ്രദമായ കാര്യങ്ങളിൽ നിന്ന് ഏറ്റവും പ്രാധാന്യമുള്ളവയെ ക്രമമനുസരിച്ച്

തെരഞ്ഞെടുക്കൽ അത്യാവശ്യമാണ്. അവയിൽ നിന്റെ മനസ്സിന് ചായ്'വും കൂടുതൽ താൽപര്യവുമുള്ളവ വേർതിരിക്കുകയും ചെയ്യുക. അതല്ലാത്തവ സ്വീകരിച്ചാൽ അത് നിനക്ക് അലസതയും മടുപ്പും ഉണ്ടാക്കും. അതിനായി ശരിയായ ചിന്തയും കൂടിയാലോചനയും ഉപയോഗപ്പെടുത്തുക. കൂടിയാലോചിച്ചവൻ ഖേദിക്കേണ്ടി വരാറില്ല.
ചെയ്യാനുദ്ദേശിക്കുന്നവയെ കുറിച്ച് സൂക്ഷ്മമായി പഠിക്കുക. ഗുണം ഉറപ്പാവുകയും കാര്യം ചെയ്യാൻ തീരുമാനിക്കുകയും ചെയ്താൽ അല്ലാഹുവിൽ തവക്കുലാക്കുക. നിശ്ചയം അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാണ്.

ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി!

മുഹമ്മദ് നബിക്കും കുടുംബത്തിനും അവിടുത്തെ അനുചരന്മാർക്കും അല്ലാഹു സ്വലാതും സലാമും നൽകട്ടെ.

# ഉള്ളടക്കം

**സൗഭാഗ്യജീവിതം ലഭിക്കാനുള്ള വഴികൾ**......1
ആമുഖം......3
ആദ്യ പതിപ്പിന്റെ ആമുഖം......10
രചയിതാവിന്റെ ആമുഖം......16
അധ്യായം......19
അധ്യായം......33
അധ്യായം......40
അധ്യായം......44
അധ്യായം......48
അധ്യായം......50
അധ്യായം......54
അധ്യായം......58